# മരു

തപിച്ചു കിടക്കുന്ന മണലത്രയും കാൽക്കീഴിൽ കുഴഞ്ഞുകിട
ക്കുന്നു, കാൽ പൊള്ളിച്ചുവപ്പിച്ച്, ഇനിയൊരടി നടക്കാൻ പറ്റുമെന്ന്
തോന്നുന്നില്ല. നിഴലുകളില്ലാതെ മദ്ധ്യാഹ്നം തലമുകളിൽ കത്തിജ്വ
ലിക്കുന്നു. ഒന്നിരിക്കാൻ പോലും ഒരു തണൽ ദൈവമേ നീ ബാക്കി
വെച്ചില്ലെന്നോ, ഒരു പച്ചപ്പുപോലും.... ബാല്യത്തിലെ കിനാവുകളിൽ
എന്നും മരു നിറയാറുണ്ടായിരുന്നു. ക്യാൻവാസിൽ പടരുന്ന ചാര
വർണ്ണം, തട്ടിമറിഞ്ഞതുപോലെ, തൂവിത്തെറിച്ചതുപോലെ ഒഴുകിക്കി
ടന്നു. ചാരമണലിലൂടെ അടിവെച്ചുനീങ്ങുന്ന ഒട്ടകങ്ങൾ, വിദൂരതയിൽ
ദൃശ്യമാവുന്ന ഈന്തപ്പനകൾ, കള്ളിച്ചെടികൾ... ദാഹാർത്തനായ
ഒട്ടകം ഇടക്കിടെ നാവു പുറത്തേക്കിട്ട് കിതച്ചുകൊണ്ട്... ഒരിറ്റുനീരി
നായി തന്നെ കൊല്ലാനും മടിക്കാത്ത നിയോഗത്തെ തോളിലേറ്റി
ക്കൊണ്ട്.... ചിത്രം കണ്ടച്ഛൻ: 'എന്റെ മോളേ, മണലെന്നാണ് ചാരനി
റമായത്' എന്നു ചോദിച്ചു ചിരിച്ചു. ഒക്കെ ഈ നിമിഷമായിരുന്നൂന്ന്
തോന്നുന്നു. നഷ്ടപ്പെട്ട ഡയറിയെങ്കിലും തിരിച്ചുകിട്ടിയെങ്കിൽ!
എങ്കിൽ ശവം പോലെ വിറങ്ങലിച്ച കാലത്തെ, ലോകത്തെ വിസ്മ
രിച്ച് എനിക്കെന്റെ ഇന്നലെകളിലേക്ക് കൂപ്പുകുത്താമായിരുന്നു. നാലു
പാടും ചിതറിക്കിടക്കുന്ന ഘടികാരങ്ങൾ. സമയമളക്കാനനുവദിക്കാതെ
ഓടിയൊളിക്കുന്ന നിഴലുകൾ, കാലം പ്രവാഹം നിർത്തിയിരിക്കാം.
ഈ ഉച്ചച്ചൂട് മാത്രമായിരിക്കണം അനന്തമായത്.

എന്തായിരിക്കും ബാക്കിയായിട്ടുണ്ടാവുക. ലോകം മുഴുവൻ ഭസ്മ
മാക്കുന്ന അഗ്നിവർഷം ഉണ്ടാകാൻ പോകുന്നെന്ന് അറിയിപ്പുണ്ടായി
രുന്നതാണല്ലോ. എല്ലാം, പേ:നയും പേപ്പറും എല്ലാം നശിച്ചിരിക്കണം.
ഈ ചാരക്കൂമ്പാരത്തിൽ നിന്ന് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ
ഞാനെങ്ങിനെ ഉയർന്നുവന്നതാവോ.... യുദ്ധം എന്നും ശേഷിപ്പിക്കുന്ന
ചാരക്കൂമ്പാരം. ഒരുപക്ഷെ ഞാൻ മരിച്ചിരിക്കില്ല. അല്ലെങ്കിൽ ഇതാവാം
പരലോകം. മതഗ്രന്ഥങ്ങൾ വർണിക്കുന്ന നരകത്തിലാകണം ഞാൻ.
തലമുകളിൽ കാഴ്ചക്കപ്പുറം സ്വർഗ്ഗവാസികൾ ഇരിക്കുന്നുണ്ടാകാം.
ആർക്കാണറിയുക? ആരോടാണ് ചോദിക്കുക? ഹവ്വ സൃഷ്ടിക്കപ്പെടും
മുമ്പ് ആദം അനുഭവിച്ച ഏകാന്തത ഒരു വിഷബീജം പോലെ ഉള്ളിൽ
പെരുകുന്നു. വീട്ടിൽ ഒരു നിമിഷം മൗനമായിരിക്കാതിരുന്ന താൻ...
ഇടയ്ക്ക് ചെവിയിൽ വിരൽ തിരുകി കളിയാക്കിയിരുന്ന അച്ഛൻ.
ദൈവമേ! ഈ ഓർമകളേയും നീയെടുത്തു കളയല്ലേ. അനന്തമായ
വെയിലും ഊഷരതയും മാത്രം ബാക്കി വെച്ച നീ... എന്നെങ്കിലും
മറ്റൊരാളെ കണ്ടെത്തുന്നത് വരെയെങ്കിലും ഈ അലച്ചിലിന് കൂട്ടായി
എന്റെ സ്മൃതികളെ ബാക്കി വെയ്ക്കുക....

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം



ഉടുപ്പിന്റെ കീറലിലൂടെ നിർദാക്ഷിണ്യം പൊള്ളിക്കുന്ന സൂര്യൻ. കീറിയതെങ്കിലും ബാക്കിയായയത് ഭാഗ്യം. ഇല കൊഴിഞ്ഞ് കറുത്തു പോയ വൃക്ഷങ്ങൾ. കറുത്തു കലങ്ങിയ ജലാശയങ്ങൾ. ഇടക്കിടെ വമിക്കുന്ന, സർവ്വവും കരിഞ്ഞ മിശ്രഗന്ധം. എല്ലാം പൊഴിഞ്ഞുതീർന്ന പച്ചപ്പിനെ സ്മരിക്കയാവാം. നിരന്തരം ചുടുകാറ്റ് വർഷിച്ച് മരു എന്നെ ദാഹാർത്തയാക്കുന്നു. കഥകളിൽ നിന്ന് വീണ്ടുമൊരു സംസം പുനർജ നിക്കുമോ? എവിടെയും ദുർഗന്ധമുയർത്തുന്ന പൊട്ടക്കിണറുകൾ. ടി.വി.യുടെ ചതുരത്തിൽ ഇടക്കിടെ തെളിഞ്ഞിരുന്ന ഉണ്ടക്കണ്ണുകളിൽ നിന്ന് എത്ര തീയാണ് വർഷിച്ചിരുന്നത്. മിസൈലുകൾ..... ടാങ്കറു കൾ.... ഒന്നൊന്നായി ചത്തു വീഴുന്ന ബഹുവർണ പക്ഷികൾ... എല്ലാ വർണവും താഴെയെത്തുമ്പോൾ ഭയാനകമായ കറുപ്പിൽ സമന്വയി ച്ച്. നിറങ്ങൾ എത്രയെണ്ണമായിരുന്നു. ഓർക്കാൻ പറ്റുന്നില്ല. സ്മൃതി പഥത്തിലാകെ കറുപ്പിന്റെ ഏഴഴക്.... ജനിച്ചിട്ടിതേവരെ കാണാതിരുന്ന പലതരം പക്ഷികളിതാ മുന്നിൽ ശവക്കൂമ്പാരമായി....

ഈ ചുടലയിലും ഉള്ളിലൊരു മുത്തശ്ശി പുതിയ പുതിയ കഥ കൾ പറഞ്ഞുകൊണ്ടിരിക്കുന്നു. കഥകളിൽ, പക്ഷേ നിറയുന്നത് രാക്ഷ സർ, യക്ഷികൾ, എഴുത്താണി മോഷ്ടിക്കുന്ന പൂതങ്ങൾ - ഒടുങ്ങാത്ത കുരുക്ഷേത്രങ്ങൾ.... ഒരിക്കലും വറ്റാത്ത ഒരു പച്ചപ്പിന്റെ കഥ ആരാണു പറഞ്ഞുതരിക? സങ്കൽപങ്ങളിൽ അതിന്റെ മധുമൊത്തി ശക്തിനേ ടാലോ - ഈ ശവദഹനങ്ങളുടെ കാവലിന്.... ലോകം ഒരു എവ റസ്റ്റിന്റെ ഉച്ചിയിലിരുന്ന് ചിരിക്കുകയായിരുന്നു. ദിനേന പിറവിയെടു ക്കുന്ന പുതിയ പുതിയ കമ്പ്യൂട്ടറുകൾ, റോബോട്ടുകൾ, ബോംബു കൾ. അതിനിടയിൽ വറ്റിപ്പോകുന്ന മാമ്പൂമണം... സ്നേഹത്തിന്റെ തൂവൽ സ്പർശം. എന്നിട്ടും, ദുരനുഭവങ്ങളുടെ ഈ തേരോട്ടങ്ങൾക്കു ശേഷവും ഒരു കുഞ്ഞിന്റെ പാൽപ്പുഞ്ചിരി കിനാവിലെവിടെയോ... മരു വത്രയും പച്ച നിറയുന്നു. രാവുകൾ നിലാവിൽ നൃത്തം വെയ്ക്കുന്നു. നടന്നു നടന്നു കാൽ തേഞ്ഞു തുടങ്ങി. അവിടവിടെ പഴുത്തു തുട ങ്ങുന്ന വ്രണങ്ങൾ. കൂടെ നശിക്കാതെ ബാക്കിയായയത് രോഗാണുക്കൾ മാത്രമാവണം. പൂക്കൾ ചിരിക്കുന്ന, കിളികൾ ചിലയ്ക്കുന്ന ചേതോ ഹരമായ ലോകം മുൻജന്മത്തിലെന്നോ കണ്ട സ്വപ്നമാവണം. ഡയ റിത്താളുകളിൽ ഇതൾ വിടർത്തിയ സൗരഭ്യമത്രയും ചോർത്തിയെ ടുത്തതാരാണ്? ആയുധങ്ങളുടെ രാക്ഷസക്കണ്ണുകൾ, ദീനദീനം വില പിക്കുന്ന ദുരന്തജന്മങ്ങൾ. അവയവങ്ങൾ ചിന്നിച്ചിതറി ആർത്തല യ്ക്കുന്ന കുഞ്ഞുങ്ങൾ, അമ്മമാർ - പല ഭാഷകളിൽ, വേഷങ്ങളിൽ, കരഞ്ഞുകൊണ്ടേ... കരച്ചിലിനെന്നുമെവിടേയും ഒരേ താളമാണെന്ന് അത്ഭുതത്തോടെ ഡയറിയിൽ കുറിച്ചിട്ടു. മനുഷ്യന്റെ ഏകഭാവം കര

ച്ചിലിൽ മാത്രമാണല്ലോ. ഈ ദുഃഖമത്രയും വാനിൽ നിന്ന് വർഷി
ക്കാൻ ഇവർക്ക് അധികാരം കൊടുത്തതാരാണ്? എന്നും തടവറകൾ
സൃഷ്ടിക്കുന്ന അധികാരത്തിന്റെ മനഃശാസ്ത്രമെന്താണ്?

ഉഴുതുമറിച്ചപോലുള്ള മണൽ പൊടിപറത്തിക്കൊണ്ടിരുന്നു. എവി
ടെയും വ്യാപിക്കുന്ന ശവഗന്ധം. ആ ഗന്ധത്തിന്റെ ഒരു ചലിക്കുന്ന
രൂപമാകണം താൻ. ഇടയ്ക്ക് തലയോട്ടികളും അസ്ഥികളും കാലിൽ
തടയുന്നു. സദാ ചിരിക്കുന്ന തലയോട്ടികൾ. കരഞ്ഞുകൊണ്ടാരംഭി
ക്കുന്ന ജന്മത്തിന്റെ ഒടുക്കം ഈ ചിരിയാണ് - പേടിപ്പെടുത്തുന്ന ചിരി...
അതുവരെ ആടിത്തീർത്ത വേഷങ്ങളുടെ തമാശയോർത്താവാം.
എന്റെ ദൈവമേ... മറ്റൊരു മനുഷ്യനെ എന്നാണ് കണ്ടെത്തുക.
റോബിൻസൺ ക്രൂസോവിനെപ്പോലെ ഏകാന്തതയുടെ കലണ്ടർ
സ്വയം നിർമിക്കേണ്ടിവരുമോ ഞാനും. ആയുസ് സായാഹ്നം പ്രാപി
ക്കും മുമ്പ് ലക്ഷ്യം നിറവേറുമോ? ഭക്ഷണമായെന്തെങ്കിലും നീക്കി
വെയ്ക്കാൻ മറന്നുപോയ ഭൂമി. കഴിക്കുന്ന മുള്ളിലകളും കറുത്ത
വാട്ടപ്പഴങ്ങളും ദേഹത്ത് പാടുകളും വേദനിപ്പിക്കുന്ന മുഴകളും ബാക്കി
യാക്കുന്നു. ഒരു പുല്ലുപോലും കിളിർക്കാതെ വസുന്ധര കണ്ണീർ പൊഴി
ച്ചുകൊണ്ടേ... ഉണങ്ങിക്കരിഞ്ഞ മുൾച്ചെടികൾ. ചവർപ്പു കിനിയുന്ന
ഫലങ്ങൾ. വസന്തത്തെ സ്വപ്നം കണ്ടുറങ്ങുകയാണ് ഭൂമി. ഭുവന
മേതാണ്ട് പ്രകൃതിയും നടന്നുതീർത്തിരിക്കണം. ഭൂരിഭാഗം സ്ഥലങ്ങളും
കൈയടക്കിയിരിക്കുന്നത്. പുകപൊങ്ങുന്ന ചാരക്കൂമ്പാരങ്ങളാണ്.
ബ്രഷും ക്യാൻവാസും കിട്ടിയിരുന്നെങ്കിൽ ചാരവർണത്തിന്റെ ഒരു
വിശാലപ്രപഞ്ചം പൊട്ടിവിരിഞ്ഞേനെ....

മറ്റൊരു സുഷുപ്തിയിൽ നിന്ന് ഞാനിപ്പോളുണർന്നതേയുള്ളു.
എന്റെ ആദ്യത്തെ മോഹാലസ്യം പോലെ അതിജീവനത്തിനുള്ള
ജീവന്റെ ഒരു തന്ത്രമാവണം ഇതും. ഉണർന്നപ്പോൾ കണ്ണ് കുഴിഞ്ഞ്
എല്ലുകൾ എണ്ണിയെടുക്കാവുന്ന ഒരു മനുഷ്യക്കോലം അടുത്തിരി
ക്കുന്നു. അയാളെവിടുന്നോ ശേഖരിച്ച തെളിഞ്ഞ തീർഥം എന്റെ
വായിൽ ഉറ്റിക്കുന്നു. എന്റെ രൂപവും ഇതുതന്നെയാവണം. നോക്കാൻ
കണ്ണാടിയില്ലല്ലോ. എല്ലാം ആദ്യം മുതൽ ആരംഭിക്കണമല്ലോ -
പ്രാചീന ശിലായുഗം മുതൽ. അനവധി ദുരന്തങ്ങളിലൂടെ നൂഴ്ന്നുക
ടന്ന് പുരോഗതിയുടെ ഉത്തുംഗതയിലെത്തി വീണ്ടും നാശത്തിന്റെ
തമോഗർത്തത്തിലാഴാൻ... ശിലായുഗം മുതൽ വീണ്ടും ആരംഭിക്ക
ണമല്ലോ. എന്നാലും മറ്റൊരാളെ കണ്ടെത്തിയ സന്തോഷം... അതെ
ങ്ങിനെ വിവരിക്കും? സംസാരിക്കാൻ നമുക്കിടയിൽ ഭാഷയുമില്ലല്ലോ.
എന്നിട്ടും പുഞ്ചിരിയിലൂടെ, ആംഗ്യങ്ങളിലൂടെ നമ്മളറിയുന്നു. ധരി
ത്രിയുടെ പുനർജനിക്ക് നിയോഗം ബാക്കിവെച്ച രണ്ടു മനുഷ്യർ!





അറിവിന്റെ കനി പറിച്ചുതരാൻ, വംശപരമ്പരയുടെ ഒഴുക്ക് തുടർന്നാൽ സാത്താൻ എപ്പോഴാണ് സർപ്പമായവതരിക്കുക? വിലക്കപ്പെട്ട കനി ഭുജിക്കാൻ നീയെപ്പോഴാണെന്റെ പ്രലോഭനത്തിൽ വീഴുക? ശിലായുഗവും ലോഹയുഗവുമെല്ലാം നമ്മുടെ കല്ലുളിയിലും മരവുരിയിലും പുതിയ ചരിത്രത്തിനായ് അച്ചുനിരത്തുന്നു. വീണ്ടും ഭൂമി ചരിത്രമാരംഭിക്കയാണ്. ഇങ്ങിനെയെത്രയെത്ര തുടക്കങ്ങൾ! ആർക്കറിയാം.....? ഒരു മതഗ്രന്ഥവും നിലവിലില്ലാത്തതിനാൽ നമുക്ക് നിർമ്മതരാവാം. പക്ഷേ പ്രകൃതിശക്തികൾ പ്രളയമായി, പേമാരിയായി നമ്മെ ഭയത്തിന്റെ ഉലയിലിട്ട് എരിക്കുമ്പോൾ നാമറിയാതെ തൊഴുകൈയൊടെ ചേർന്നു നിൽക്കുന്നു. ചാരങ്ങളിൽ നിന്ന് അട്ടഹാസത്തോടെ ഉയിർത്തെഴുന്നേൽക്കുന്ന ആചാരങ്ങൾ, നിയമസംഹിതകൾ... അധികാരം അടിമപ്പെടുത്താത്ത ഒരു വ്യവസ്ഥിതിക്കായ് നാമെന്നാണ് പുനർജനിക്കുക..?

നിലക്കാത്ത രോദനങ്ങളുടെ ശ്രുതി ഒരു ചൂളംവിളിയായി കാതിൽ അലച്ചെത്തുന്നില്ലേ? വേദനകളുടെ ഈ തുടർക്കഥകൾക്ക് നിമിത്തമാകാതിരിക്കാൻ സഹോദരാ നമുക്കും മരിക്കുക! തുടർന്നുവരുന്ന പാപപരമ്പരകളിൽ നിന്നുള്ള മോചനത്തിന്, രക്തപ്പുഴകളുടെ ശമനത്തിന്, ഈ കല്ലുളി എന്നെയും നിന്നെയും കൊന്നുകളയാൻ മാത്രം മൂർച്ച നേടട്ടെ.. ഭൂമി മറ്റവകാശികൾ പങ്കിടട്ടെ .... യുദ്ധങ്ങളും ആയുധങ്ങളും വേണ്ടാത്ത ഇതരജീവികൾ.....!

*(യുദ്ധം മൂലം നശിച്ചുപോയ ഭൂമിയിൽ അവശേഷിച്ച രണ്ടേ രണ്ടാളുകൾ. അതിലെ സ്ത്രീയുടെ ആത്മഗതം).*

*(ചന്ദ്രിക വാരാദ്യപ്പതിപ്പ്)*

O